Office of the Chief Engineer LSGD, Thiruvananthapuram 18/8/14

8218 22/8/14

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികളുടെ രൂപകൽപ്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2049/14/തസ്വഭവ തിരുവനന്തപുരം, തീയതി :07/08/2014.

പരാമർശം - 1. 15/02/2013 -ലെ സ.ഉ.(സാധാ) നം. 421/13/തസ്വഭവ.
2. പഞ്ചായത്ത് ഡയറക്ടറുടെ 22.11.2013 - ലെ ജെ1-30589/2013 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28/02/2014 -ലെ ഡിബി5/7634/2013/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

1918 DB5 1918

നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകൽപ്പനയും ആർക്കിടെക്ചറർ-സ്ട്രക്ച്ചറൽ ഡിസൈനും കരട് പ്ലാനും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിന് കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് നിലവിലുള്ള നിയമപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5% -ന്റെ 2/3 ഭാഗമായ 2.33 % -ൽ പരിമിതപ്പെടുത്തി നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവ് ഗ്രാമപഞ്ചായത്തുകൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭയിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപ കൽപ്പനയും (ആർക്കിടെക്ചറൽ - സ്ട്രക്ച്ചറൽ ഡിസൈനും കരട് പ്ലാനും) വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിന് കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് നിലവിലെ നിയമ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5% ന്റെ 2/3 ഭാഗമായ 2.33% - ൽ പരിമിതപ്പെടുത്തി നൽകുന്നതിന് നഗരസഭകൾക്ക് പരാമർശം (1) പ്രകാരം അനുമതി

നൽകിയത് ഗ്രാമപഞ്ചായത്തുകൾക്ക് കൂടി ബാധകമാക്കി ഉത്തരവ് DB5

പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (LBA &A) കേരള, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt No: DB5/7634/2013/CE/LSGD dt 19/09/2014

മേൽ സർക്കാർ ഉത്തരവ് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെയും അറിവിലേക്കായി web site ൽ പ്രസിദ്ധീകരിക്കുന്നു.

വിശ്വസ്തതയോടെ

19/9/14

ചീഫ് എൻജിനീയർ
LSGD.